"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ്- ബഡ്ജറ്റ് പ്രവൃത്തി- 2025-26 പാലക്കാട് ജില്ല- തരൂർ നിയോജകമണ്ഡലം - കോട്ടായി ഗ്രാമപഞ്ചായത്ത്- **"കോട്ടായി ഗ്രാമപഞ്ചായത്ത് ഗ്രാമീണറോഡുകളുടെ നവീകരണം"** എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.1817/2026/LSGD തീയതി,തിരുവനന്തപുരം, 26-09-2026

---

പരാമർശം:- 1. 28/04/2021 ലെ GO(P)67/2021/Fin സർക്കാർ ഉത്തരവ്

2. തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 29.01.2026, 27.04.2026 എന്നീ തീയതികളിലെ LSGD/PD/39263/2025-EW6 നമ്പർ കത്തുകൾ

**ഉത്തരവ്**

2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം II, വാല്യം II, ക്രമനമ്പർ 2389 - പാലക്കാട്- തരൂർ നിയോജകമണ്ഡലം - "**കോട്ടായി ഗ്രാമ പഞ്ചായത്ത് ഗ്രാമീണറോഡുകളുടെ നവീകരണം (1.പെരുങ്കുളങ്ങര-ചേന്ദംകാട് റോഡ്, 2.വാവുള്ളിയാൽ-വലിയമ്മക്കാവ് റോഡ്-20 ലക്ഷം 3. കീഴത്തൂർ-പള്ളിമുക്ക് റോഡ് -20 ലക്ഷം)**" എന്ന പ്രവൃത്തി അംഗീകൃത അക്രഡിറ്റഡ് ഏജൻസിയെ കൊണ്ട് നടപ്പിലാക്കുന്നതിന് തരൂർ നിയോജക മണ്ഡലം എം.എൽ.എ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും PMC വ്യവസ്ഥയിൽ ടെണ്ടർ ക്ഷണിയ്ക്കുകയും , ഏറ്റവും കുറഞ്ഞ സെന്റേജ് നിരക്ക് രേഖപ്പെടുത്തിയ **M/s Kerala Electrical & Allied Engineering Co .Ltd , മാമല കൊച്ചി** എന്ന സ്ഥാപനത്തിന്റെ കുറഞ്ഞ നിരക്ക് സെന്റേജായ 5.3% നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കുകയും **M/s KEL Ltd** തയ്യാറാക്കി സമർപ്പിച്ച **60 ലക്ഷം രൂപയുടെ** എസ്റ്റിമേറ്റും അനുബന്ധ രേഖകളും സഹിതം ഭരണാനുമതി ലഭ്യമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം II, വാല്യം II, ക്രമനമ്പർ 2389 - പാലക്കാട് ജില്ലയിലെ തരൂർ നിയോജകമണ്ഡലം **"കോട്ടായി ഗ്രാമ പഞ്ചായത്ത് ഗ്രാമീണറോഡുകളുടെ നവീകരണം (1.**

**പെരുങ്കുളങ്ങര - ചേന്ദംകാട് റോഡ്, 2.വാവുള്ളിയാൽ - വലിയമ്മക്കാവ് റോഡ്-20 ലക്ഷം 3. കീഴത്തൂർ - പള്ളിമുക്ക് റോഡ് -20 ലക്ഷം)"** എന്ന പ്രവൃത്തിയ്ക്ക് അക്രഡിറ്റഡ് ഏജൻസികളുടെ തിരഞ്ഞെടുപ്പ് അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള പ്രവൃത്തി നിർവഹണം എന്നിവ സംബന്ധിച്ച് പരമാർശം (1) സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ പാലിച്ചിരിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ പ്രസ്തുത പദ്ധതിക്ക് **60 ലക്ഷം രൂപയുടെ( അറുപത് ലക്ഷം രൂപ മാത്രം)** ഭരണാനുമതി നൽകിയും, ടി പ്രവൃത്തിയ്ക്ക് ആവശ്യമായ ചെലവ് **'4515-00-800-92(NV)'** എന്ന ശീർഷകത്തിൽ അഡിഷണൽ പ്രൊവിഷൻ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.തുടർന്നുള്ള നടപടിക്രമങ്ങളും ഇ-അനുമതി പോർട്ടലിൽ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2) ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
3) സെക്രട്ടറി, കോട്ടായി ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
5) ധനകാര്യവകുപ്പ്(3416137/Dev-3/56/2026-Fin dtd16/07/2026)(AS/LGD/26/53361 )
6) ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
7) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ &പി ആർഡി
8) കരുതൽ ഫയൽ (ഡി.ബി2/110/2026/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Digitally signed by
Smitha. L
Date: 28-09-2026
10:59:09
സെക്ഷൻ ഓഫീസർ